**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 156** | **09-02-2023 - ൽ മറുപടിയ്ക്ക്**

**സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന അതിക്രമങ്ങൾ തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | പൊതുസ്ഥലങ്ങളിൽ സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന അതിക്രമങ്ങൾ തടയാൻ പോലീസ് കാര്യക്ഷമമായ ഇടപെടൽ നടത്തുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷ ഒരുക്കുന്നതിനും സ്ത്രീധനവുമായി ബന്ധപ്പെട്ട ഉപദ്രവങ്ങൾ, സൈബർ ലോകത്തിലെ അതിക്രമങ്ങൾ, പൊതു ഇടങ്ങളിലെ അവഹേളനങ്ങൾ തുടങ്ങി സ്ത്രീകൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി കേരള പോലീസ് രൂപം നൽകിയ പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട് നിലവിൽ വന്നു. പിങ്ക് പട്രോൾ, പിങ്ക് ജനമൈത്രി ബീറ്റ്, പിങ്ക് കൺട്രോൾ റൂം, പിങ്ക് ഷാഡോ, പിങ്ക് റോമിയോ, കൗൺസിലിംഗ് സംവിധാനം, വനിതാ സംരക്ഷണത്തിന് സഹായമായി മൊബൈൽ ആപ്പുകൾ തുടങ്ങി പത്ത് ഘടകങ്ങൾ ചേർന്നതാണ് പ്രസ്തുത പദ്ധതി. വനിതകൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച പരാതികൾ ഫലപ്രദമായി കൈകാര്യം ചെയ്യുക, സ്ത്രീകളെയും കുട്ടികളെയും സംബന്ധിക്കുന്ന നിയമ വിഷയങ്ങളിൽ അവഗാഹം ഉണ്ടാക്കുക എന്നീ നിലയ്ക്കുള്ള പ്രത്യേക പരിശീലനം എല്ലാ പോലീസ് ജില്ലകളിൽ നിന്നുമുള്ള വനിതാ പോലീസ് ഉദ്യോഗസ്ഥർക്ക് ഘട്ടം ഘട്ടമായി നൽകിയിട്ടുണ്ട്.<br><br>സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾക്കെതിരെ aparajitha.pol@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിൽ പരാതി നൽകാവുന്നതാണ്. കൂടാതെ 9497996992 എന്ന നമ്പരിലും പരാതികൾ അറിയിക്കാം.<br>പൊതു, സ്വകാര്യ സ്ഥലങ്ങളിൽ സ്ത്രീ സുരക്ഷ ഒരുക്കുന്നതിന്റെ ഭാഗമായി പിങ്ക് പോലീസ് സംവിധാനം, ജനമൈത്രി സംവിധാനം, വനിതാ സെൽ, വനിതാ ഹെൽപ്പ് ലൈൻ സംവിധാനം, |

| | | | |
|---|---|---|---|
| | | | ഹെൽപ്പ് ഡെസ്ക് സംവിധാനം തുടങ്ങിയവ ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>സ്വയം പ്രതിരോധം വർദ്ധിപ്പിക്കുന്നതിനുവേണ്ടി Self Defence പദ്ധതി കാര്യക്ഷമമായി നടപ്പിൽ വരുത്തിയിട്ടുണ്ട്.<br><br>അടിയന്തര പോലീസ് സഹായം ലഭ്യമാകുന്ന പോലീസിന്റെ 1515, 112, 1090, 1091 എന്നീ ടോൾ ഫ്രീ നമ്പറുകളിൽ വിളിച്ച് പോലീസ് സഹായം തേടാവുന്നതാണ്.<br><br>സ്ത്രീകളുടെ പ്രശ്നപരിഹാരത്തിനായി Domestic Conflict Resolution Centre (DCRC) വനിതാ സെല്ലിന്റെ കീഴിൽ പ്രവർത്തിച്ചു വരുന്നു. കൂടാതെ ഏതെങ്കിലും സാഹചര്യത്തിൽ അപകടത്തിൽപ്പെടുന്ന സ്ത്രീകൾക്ക് സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി നിർഭയം ആപ്പ് (NIRBHAYAM APP) സർക്കാർ ആരംഭിച്ചിട്ടുണ്ട്.<br><br>സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളെക്കുറിച്ചും അതു മൂലമുണ്ടാകുന്ന ഭവിഷ്യത്തുകളെക്കുറിച്ചും മൊബൈൽ ഫോൺ, ഇന്റർനെറ്റ്, ഫെയ്സ്ബുക്ക്, വാട്സാപ്പ്, ഇൻസ്റ്റഗ്രാം തുടങ്ങിയ സോഷ്യൽ നെറ്റ് വർക്ക് സൈറ്റുകൾ ഏതെല്ലാം രീതിയിൽ ദുരുപയോഗം ചെയ്യപ്പെടുന്നുവെന്നും ആയത് ശരിയായ രീതിയിൽ എങ്ങനെ ഉപയോഗിക്കണം എന്നതിനെ ക്കുറിച്ചും ബോധവൽക്കരണം നടത്തിവരുന്നു.<br>സ്ത്രീകൾക്കെതിരായ കുറ്റകൃത്യ ങ്ങൾ തടയുന്നതിലേക്കായി നിലവിലുണ്ടായിരുന്ന 10 വനിതാ പോലീസ് സ്റ്റേഷനുകൾക്ക് പുറമേ പത്തനംതിട്ട, ഇടുക്കി, പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകളിൽ ഒന്നു വീതം ആകെ നാല് വനിതാ പോലീസ് സ്റ്റേഷൻ കൂടി സ്ഥാപിച്ചിട്ടുണ്ട്.<br>പൊതു, സ്വകാര്യ സ്ഥലങ്ങളിൽ സ്ത്രീ സുരക്ഷ ഉറപ്പുവരുത്തുന്നതിനും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി പരാതികൾ ലഭിക്കുന്ന മുറയ്ക്ക് നിലവിലെ നിയമമനുസരിച്ച് ശക്തമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു |
| (ബി) | രാത്രി വൈകിയും പുലർച്ചയ്ക്കും ഒറ്റയ്ക്ക് സഞ്ചരിക്കേണ്ടി വരുന്ന സ്ത്രീകളുടെ സുരക്ഷയ്ക്ക് പ്രത്യേക ക്രമീകരണം ഏർപ്പെടുത്താൻ പരിപാടിയുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. രാത്രി വൈകിയും പുലർച്ചയ്ക്കും ഒറ്റയ്ക്ക് സഞ്ചരിക്കേണ്ടിവരുന്ന സ്ത്രീകളുടെ സുരക്ഷിത താമസത്തിനായി കൗൺസിലിംഗ് അടക്കമുള്ള സൗകര്യങ്ങളോടെ വനിതാ ശിശുക്ഷേമ വകുപ്പിന്റെ കീഴിൽ സഖി വൺ സ്റ്റോപ്പ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | അസമയത്ത് വഴിയിൽ ഒറ്റപ്പെട്ടു പോകുന്ന വനിതാ യാത്രക്കാർക്കും മുതിർന്ന പൗരൻമാർക്കും സുരക്ഷ ഒരുക്കുന്ന തിനായി കേരള പോലീസ് നടപ്പിലാക്കിയ പദ്ധതിയാണ് നിഴൽ.<br><br>കേരളത്തിലെ എല്ലാ ജില്ലയിൽ നിന്നും ഏത് സമയവും 112 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്. നമ്പർ ഡയൽ ചെയ്യാൻ സാധിക്കാത്ത സാഹചര്യത്തിൽ ഫോണിന്റെ പവർ ബട്ടൺ മൂന്ന് തവണ അമർത്തിയാൽ കമാന്റ് സെന്ററിൽ സന്ദേശം ലഭിക്കുകയും പോലീസ് ഉദ്യോഗസ്ഥൻ തിരികെ വിളിച്ച് വിവരം അന്വേഷിക്കുകയും ചെയ്യും.<br><br>“112ഇന്ത്യ" എന്ന മൊബൈൽ ആപ്പിലെ പാനിക് ബട്ടൺ അമർത്തിയാലും കമാന്റ് സെന്ററിൽ സന്ദേശമെത്തും. കൂടാതെ രാത്രികാല പോലീസ് പട്രോളിംഗ് ഏർപ്പെടുത്തിയിട്ടുള്ളതും ആയത് കാര്യക്ഷമ മായി നടന്നു വരികയും ചെയ്യുന്നു. |
| (സി) | സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട് അവശ്യ സാഹചര്യത്തിൽ അടിയന്തരമായി സഹായം എത്തിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള മൊബൈൽ ആപ്ലിക്കേഷനുകളെ കുറിച്ച് വേണ്ടത്ര പ്രചാരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; അടിയന്തര സാഹചര്യങ്ങളിൽ സത്വരമായി സഹായം എത്തിക്കാൻ ഏർപ്പെടുത്തിയിട്ടുള്ള പിന്തുണാ സംവിധാനങ്ങളെ കുറിച്ച് വിശദമാക്കുമോ? | (സി) | സ്ത്രീകൾ ഉൾപ്പെടെയുള്ള പൊതു ജനങ്ങളുടെ സുരക്ഷയ്ക്കായി സംസ്ഥാന പോലീസ് പുറത്തിറക്കിയിട്ടുള്ള എല്ലാ ആപ്ലിക്കേഷനുകളെക്കുറിച്ചും പൊതു ജനങ്ങൾക്കിടയിൽ ആവശ്യമായ പ്രചാരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി സംസ്ഥാന പോലീസിന്റെ വിവിധ സോഷ്യൽ മീഡിയ സംവി ധാനങ്ങൾ മുഖേനയും പത്ര-മാധ്യമങ്ങൾ മുഖേനയും വിപുലമായ പ്രചാരണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ